(സി) ജലസ്രോതസ്സുകൾ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടെ ആവശ്യപ്രകാരമാണ്.

ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി

159(2628) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര ആർ. ഒ. പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തന ക്ഷമമാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തനക്ഷമമാക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചു; എത്ര പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കി; വിശദമാക്കുമോ;

(സി) കാലപ്പഴക്കംമൂലം പ്രവർത്തനക്ഷമമല്ലാതായ പ്ലാന്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ആകെ 12 ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയിൽ 10 എണ്ണം പ്രവർത്തനക്ഷമമാണ്. കൂടാതെ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 6 ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തനക്ഷമമാക്കുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും 2013-14 കാലയളവിൽ 10,87,800 രൂപ അനുവദിച്ചു. 9 പ്ലാന്റുകൾ ഈ തുക ഉപയോഗിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പുതിയ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

ഡി.ആർ.ഐ.പി. ഇറിഗേഷൻ പദ്ധതി

160(2629) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്ക് സഹായത്തോടെ ഇറിഗേഷൻ വകുപ്പ് കേരളത്തിൽ ആരംഭിച്ചിരിക്കുന്ന ഡി.ആർ.ഐ.പി.-യിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ എത്ര പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക സഹായം നൽകിയ സ്ഥാപനം നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകളും നിർദ്ദേശങ്ങളും പരിശോധിച്ച് മാത്രമാണോ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്; പരാതികൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly